# ആരോഗ്യവകുപ്പ് ഡയറക്ടർറുടെ നടപടിക്രമം, തിരുവനന്തപുരം

---

വിഷയം:- ആവഡ - ജീവനകാര്യം- മാനദണ്ഡം അടിസ്ഥാനത്തിലുള്ള പൊതുസ്ഥലംമാറ്റം 2026- ഡെപ്യൂട്ടി ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ ആൻഡ് മീഡിയ ഓഫീസർ തസ്തികയിലെ പൊതുസ്ഥലംമാറ്റം അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതു സംബന്ധിച്ച്.

പരാമർശം:- 1. സ.ഉ. (പി) നം. 3/2017/ഉ.ഭ.പി.വ. തീയതി 25/02/2017
2 .സ.ഉ.(സാധാ) നം.1097/2026/H&FWD തീയതി 14/03/2026
3. സ.ഉ.(സാധാ)നം.1369/2026/H&FWD തീയതി 10/04/2026
4. സർക്കുലർ നം. ഇഎച്ച്1/31371/2025/ആവഡ തീയതി 13/04/2026
5. ജീവനക്കാർ SPARK മുഖേന സമർപ്പിച്ച അപേക്ഷകൾ
6. കരട് ഉത്തരവ് നം. ആവഡ/11102/2026-FWA2 തീയതി 31/05/2026

**ഉത്തരവ് നം. ആവഡ/11102/2026-എഫ്.ഡബ്ള്യൂ.യു എ2 തീയതി: 18-08-2026**

---

പരാമർശം 1 മുതൽ 3 വരെയുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിലെ 2026-ലെ പൊതുസ്ഥലംമാറ്റം നടപ്പിലാക്കുന്നതിനായി ഓൺലൈൻ മുഖാന്തിരം അപേക്ഷകൾ ക്ഷണിച്ചിരുന്നു. അപ്രകാരം ഡെപ്യൂട്ടി ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ ആൻഡ് മീഡിയ ഓഫീസർ തസ്തികയിലെ ഉദ്യോഗസ്ഥർ SPARK മുഖേന സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചതിൽ നിന്നും ഡെപ്യൂട്ടി ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ ആൻഡ് മീഡിയ ഓഫീസർ തസ്തികയിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള ജീവനക്കാർ ആരും തന്നെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പൊതുസ്ഥലം മാറ്റ പട്ടികയിൽ ഉൾപ്പെടുന്നതിന് അർഹതയുള്ളവരായി കാണുന്നില്ല. ടി വിവരം പ്രഖ്യാപിച്ചുകൊണ്ട് ആക്ഷേപമുണ്ടെങ്കിൽ 03/06/2026 മുൻപായി പരാതികൾ സമർപ്പിക്കുവാൻ നിർദ്ദേശം നൽകി പരാമർശം 6 പ്രകാരം കരട് നടപടിക്രമം പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്നു.

എന്നാൽ നിശ്ചിത സമയപരിധിക്കുള്ളിൽ പരാതി സമർപ്പിച്ചതിൽ പൊതുസ്ഥലം മാറ്റത്തിന് അർഹരായ ഉദ്യോഗസ്ഥർ ആരും തന്നെയില്ല. പ്രസ്തുത സാഹചര്യത്തിൽ അർഹരായ ഉദ്യോഗസ്ഥർ ആരും പരാതി സമർപ്പിച്ചിട്ടില്ലാത്തതിനാൽ കരട് നടപടിക്രമത്തിൻമേൽ ആക്ഷേപങ്ങളൊന്നും തന്നെയില്ല എന്ന് വിലയിരുത്തി

ആരോഗ്യവകുപ്പിലെ ഡെപ്യൂട്ടി ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ ആൻഡ് മീഡിയ ഓഫീസർ തസ്തികയിലെ ഉദ്യോഗസ്ഥരുടെ 2026-ലെ പൊതുസ്ഥലം മാറ്റം സംബന്ധിച്ച് തുടർനടപടികൾ അവസാനിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.

Digitally signed by
Meenakshy V
Date: 18-08-2026
00:36:41

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ

<u>പകർപ്പ്</u>

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
3. ഫയൽ/കരുതൽ ഫയൽ